<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4938</u> <u>20-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ചിറയിൻകീഴ് മണ്ഡലത്തിലെ പ്രേംനസീർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ പ്രേംനസീർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ 3 കോടി രൂപ ചെലവിൽ നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന്റെ ഒരു നിലപോലും നാളിതുവരെ പൂർത്തിയാക്കുവാൻ സാധിക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്. ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ പ്രേംനസീർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് G.O(Rt)No. 296/2018/GEDN dated, 18/01/2019 ഉത്തരവ് പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2019-ൽ നിർമ്മാണം ആരംഭിച്ച് ആദ്യത്തെ നില പണിത് കുറച്ച് ഭാഗം മാത്രം പ്ലാസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നില്ല.** |
| (ബി) | എങ്കിൽ പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനും സ്ഥലപരിമിതി മൂലം വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് അംഗീകരിക്കേണ്ട ആവശ്യം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ